മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഇല്ല.
(ബി) നിർവാഹമില്ല.
(സി) ഇല്ല.
(ഡി) നിർവാഹമില്ല.

സഹകരണ നിയമത്തിൽ ഭേദഗതി

* 19 [22] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമത്തിൽ കാലോചിതമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

സഹകരണവകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഉണ്ട്.

(ബി) 1969 ലെ കേരള സഹകരണ നിയമത്തിനു സമഗ്രമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെൻറ് സഹകരണവകുപ്പു സെക്രട്ടറി ചെയർമാനായി ഒരു കമ്മറിയെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറി യോഗങ്ങൾ കൂടി സഹകരണനിയമത്തിന് വരുത്തേണ്ടതായ ഭേദഗതികൾ തയ്യാറാക്കിവരുകയാണ്.

മരുന്നു ദൗർലഭ്യം

* 20 [23] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്നിന് ദൗർലഭ്യം അനുഭവപ്പെടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) 1985-86 സാമ്പത്തിക വർഷത്തിൽ മരുന്നിന് ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിനുള്ള കണക്കു വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) ആവശ്യമുള്ള മരുന്നുകൾ വാങ്ങുവാനുള്ള അധികാരം ജില്ലാ മെഡിക്കൽ ആഫീസർമാർക്കു നൽകിയിട്ടുണ്ട്.

(സി) 1985-86 സാമ്പത്തിക വർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ മരുന്നിനു ചിലവായ തുകയുടെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

മരുന്നു വാങ്ങുന്നതിനു വേണ്ടി ഓരോ ജില്ലയ്ക്കും 1985-86 സാമ്പത്തിക വർഷത്തിലേക്ക് അനുവദിച്ചിട്ടുള്ള തുകയുടെ കണക്ക് താഴെ ചേർക്കുന്നു :

തിരുവനന്തപുരം	രൂപ 63 ലക്ഷം
കൊല്ലം	,, 51 ,,

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	രൂപ	28 ലക്ഷം
കോട്ടയം	,,	31 ,,
ഇടുക്കി	,,	18.3 ,,
പത്തനംതിട്ട	,,	50.3 ,,
എറണാകുളം	,,	74 ,,
തൃശ്ശൂർ	,,	41 ,,
പാലക്കാട്	,,	23 ,,
വയനാട്	,,	10.3 ,,
മലപ്പുറം	,,	38 ,,
കോഴിക്കോട്	,,	34 ,,
കണ്ണൂർ	,,	21 ,,
കാസർകോട്	,,	24.3 ,,
ഗവ: മെഡിക്കൽ സ്റ്റോഴ്സ്	,,	34 ,,
സ്റ്റേറ്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓർഗനൈസേഷൻ	,,	3.72 ,,

ആശുപത്രികളിൽ മരുന്നുകൾ ഇല്ലെന്നു പരാതി

* 21 [24] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിൽ അത്യാവശ്യമരുന്നുകൾ ഇല്ലെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) ആവശ്യത്തിനുള്ള മരുന്നുകൾ വാങ്ങുന്നതിനുള്ള അധികാരം ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. മരുന്നുകളുടെ ദൗർലഭ്യം ഒരുതിർത്തിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

മന്ത്രിമാരുടെ യാത്രാപ്പടിയും ടെലഫോൺ ചാർജ്ജും

* 22. [25] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനു ശേഷം 1986 ഫെബ്രുവരി 28 വരെ മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിക്കും യാത്രാപ്പടിഇനത്തിൽ ഉണ്ടായിട്ടുള്ള ചെലവ് എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ മന്ത്രിയുടെയും ടെലഫോൺ ചാർജ്ജ് എത്ര വീതമുണ്ടെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly